# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1152

13.12.2012 ൽ മറുപടിയ്ക്ക്

### റിപ്പൺ എസ്റ്റേറ്റ് എൽ.പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

ചോദ്യം

ശ്രീ. എം.വി. ശ്രേയാംസ് കുമാർ

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ റിപ്പൺ എസ്റ്റേറ്റ് എൽ.പി. സ്ക്കൂൾ അപ്പർ പ്രൈമറിയായി അപ്ഗ്രേഡ് ചെയ്യുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് വിവിധ വകുപ്പുകളിലായി ഏതെല്ലാം ഫയലുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിലെ കാലതാമസം എന്തെന്ന് വിശദമാക്കുമോ;

(ഡി) റിപ്പൺ എസ്റ്റേറ്റ് എൽ.പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുന്ന നടപടി ത്വരിതപ്പെടുത്തുമോ?

ഉത്തരം

ശ്രീ. പി.കെ. അബ്ദുറബ്ബ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി

എ, ബി, സി & ഡി

ഭൂരിപക്ഷവും ആദിവാസികൾ പാർക്കുന്ന വയനാട് ജില്ലയിലെ മൂപ്പൈനാട് പഞ്ചായത്തിലെ റിപ്പൺ എസ്റ്റേറ്റ് എൽ.പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്. ഈ വിഷയം സംബന്ധിച്ച് പൊതു വിദ്യാഭ്യാസ (എഫ്) വകുപ്പിലെ 33893/എഫ്1/2012/പൊ.വി. നം. ഫയലിൽ നടപടി സ്വീകരിച്ചു വരുന്നു. റിപ്പൺ എസ്റ്റേറ്റ് എൽ.പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുമ്പോൾ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് റിപ്പോർട്ട് ചെയ്യാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭ്യമായ ശേഷം ധനകാര്യ വകുപ്പിന്റെ അനുമതിയോടെ ഇക്കാര്യത്തിൽ എത്രയും വേഗം തീരുമാനമെടുക്കുന്നതാണ്.

സെക്ഷൻ ഓഫീസർ